പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4843 | | 21.10.2011ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഹെൽപ്പർ, വർക്കർ നിയമനങ്ങളിൽ കമ്മ്യൂണൽ റൊട്ടേഷൻ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അംഗൻവാടി ഹെൽപ്പർ, വർക്കർ തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ കമ്മ്യൂണൽ റൊട്ടേഷൻ പാലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതു സംബന്ധമായ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ചട്ടങ്ങളിൽ ഇതിനായി ഭേദഗതി വരുത്തുമോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | 23.02.2008 ലെ സ.ഉ(എം.എസ്) നം. 15/2008/സാക്ഷേവ പ്രകാരം അംഗൻവാടി വർക്കർ/ഹെൽപ്പർമാരെ നിയമിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി മുഖേന ലിസ്റ്റ് തയ്യാറാക്കുമ്പോഴും, നിയമനം നടത്തുമ്പോഴും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ക്ലാസ് IV വിഭാഗം ജീവനക്കാരുടെ നിയമനത്തിൽ സ്വീകരിച്ചുവരുന്ന സാമുദായിക സംവരണ മാനദണ്ഡം (റൊട്ടേഷൻ ക്രമം) പാലിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുവരെ ഈ തസ്തികകളിലേക്കു നടത്തിയ നിയമനങ്ങളിലെ സാമുദായിക പ്രാതിനിധ്യത്തിന്റെ തോത് ഇതിനകം പരിശോധിക്കുകയുണ്ടായോ; | (സി) | ഉണ്ട്. |
| (ഡി) | എങ്കിൽ പ്രാതിനിധ്യം തീരെ കുറഞ്ഞ സമുദായങ്ങൾക്ക് ആനുപാതികമായി അത് നികത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ഡി) യും (ഇ) യും | പരിശോധിച്ചു വരുന്നു. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ